# താഴ്മയുള്ളവരാകുവിൻ

## യോഹന്നാൻ 13:14–15

**"കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്നു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു."**

ശിഷ്യന്മാർക്ക് കർത്താവ് ഇവിടെ ഒരു ദൃഷ്ടാന്തം കൊടുക്കുന്നു. യേശുവിന്റെ വായിൽനിന്നു വീണ ലാവണ്യമൊഴികൾ കേട്ട്, അവനോടൊപ്പം ജീവിച്ചിരുന്നതായ ശിഷ്യന്മാർ അവർക്ക് തങ്ങളുടെ ഗുരു ആരെന്ന് അറിയാമായിരുന്നു. കാൽ കഴുകുവാൻ വേണ്ടുന്ന വെള്ളവും, തൂവാലയും ലഭ്യവുമായിരുന്നു. എന്നിട്ടും തങ്ങൾക്ക് ഗുരുവിന്റെ കാൽ കഴുകുവാൻ പറ്റിയില്ല. പകരം ഗുരു ശിഷ്യന്മാരുടെ കാൽ കഴുകുന്ന അനുഭവം. ഓരോരുത്തരും, ഒരു പക്ഷേ ചിന്തിച്ചിട്ടുണ്ടാകാം, താൻ കഴുകിയാൽ, മറ്റുള്ളവനേക്കാളും, പിന്നോക്കമോ, ചെറുതോ ആകാം. ഇവിടെ തന്നെത്താൻ താഴ്ന്നു കൊടുക്കാൻ ശിഷ്യന്മാർക്ക് കഴിയാഞ്ഞതായ ഒരു കാഴ്ചയാണ് കാണുന്നത്.

അതുകൊണ്ട് കർത്താവ് തന്നെ ഒരു ദൃഷ്ടാന്തം വെളിപ്പെടുത്തുന്നു. ദൈവത്താൽ അയയ്ക്കപ്പെട്ടവനായ താൻ ദൈവത്വത്തെ മാറ്റിവെച്ച് മനുഷ്യത്വമാകുന്ന തൂവാല അരയ്ക്കുകെട്ടി ശിഷ്യന്മാരുടെ കാൽ കഴുകി. എളിമയുടെ എത്ര ശ്രേഷ്ഠകരമായ അനുഭവം. താൻ ആരാണെന്ന തിരിച്ചറിവ് മാത്രം ഉണ്ടായിട്ടു കാര്യമില്ല, എന്നാൽ താൻ ആരായിരുന്നുവോ, ആ ബോധ്യം ജിവിത പ്രവൃത്തിയിലൂടെ വെളിപ്പെടുത്തുക എന്നതാണ് പ്രധാനം. ആരെപ്രതി വിട്ടുകൊടുക്കണം എന്ന് ദൈവമക്കൾ പഠിച്ചിരിക്കേണ്ട കാര്യമാകുന്നു. മാനസികമായി കർത്താവിനു വേണ്ടിയുള്ള ഒരു ഇച്ഛയും, ഒരുക്കവും വേണം. അങ്ങനെയെങ്കിൽ എളിമപ്പെടുവാൻ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല.

താഴ്മ ഒരു ഉടുപ്പുപോലെ ധരിക്കുവാൻ കർത്താവ് സഹായിക്കട്ടെ. ഒരു രണ്ട് നില കെട്ടിടത്തിനു മുകളിൽ നിന്ന് താഴേക്കു നോക്കിയാൽ അവിടെയുള്ളതൊക്കെയും നമുക്ക് ചെറുതായി തോന്നും. വീണ്ടും, വീണ്ടും ഉയരങ്ങളിലേക്ക് കയറും തോറും, താഴെയുള്ളവയുടെ വലുപ്പവും കുറഞ്ഞുവരും. ഈ ഒരു മാറ്റമാണ് ദൈവമക്കൾക്ക് ഉണ്ടാകേണ്ടത്. കർത്താവിൽ ദിനംതോറും വളരും തോറും താൻ ഏറ്റം ചെറിയവനാണെന്ന ബോധ്യം നമ്മെ ഭരിക്കാൻ ഇടയാകട്ടെ. ശിഷ്യന്മാർ കർത്താവിനോട് ഏറ്റം അടുത്തിരുന്നവരാണ്. എന്നാൽ വിട്ടുകൊടുപ്പാൻ സാധിച്ചില്ല.

ഇന്ന് ആത്മിക വളർച്ചയുടെയും അധഃപതനത്തിന്റെയും പ്രധാന കാരണം ആത്മീയ നിഗളം മാത്രമാകുന്നു. കർത്താവിൽ വളരുന്തോറും ദൈവിക സംസർഗ്ഗത്തിൽ നിറയാൻ

കഴിയാതെ, വെറും ബാഹ്യമായ പ്രവൃത്തികളിൽ ആത്മീക അനുഭവം ഒതുങ്ങിപ്പോകുന്നു. ഇന്ന് ശുശ്രൂഷകൾ അനവധി നടക്കുന്നുണ്ട്. എന്നാൽ അത് പൂർണ്ണമായി ദൈവഹിതത്തിന് വിധേയപ്പെട്ട്, താഴ്മയോടെ അനുസരണത്തോടെ അവനായിട്ട് സന്തോഷത്തോടെ ആണോ അനുഷ്ഠിക്കുന്നതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

മുറിപ്പെടുത്താനായിട്ടല്ല. മുറിവുണക്കാനും സൗഖ്യപ്പെടുത്തുവാനുമാണ് അവൻ നമ്മെ വിളിച്ചത്. ആവശ്യഭാരത്തിലും വേദനയിലും ഇരിക്കുന്ന സകലരുടെയും മുറിവുണക്കാനും ആശ്വാസമാകുവാനും കർത്താവ് കാണിച്ച ദൃഷ്ടാന്തം നമുക്ക് മാതൃകയാകട്ടെ. “ദൈവം നിഗളികളോടു എതിർത്തു നില്ക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നല്കുന്നു.” അതുകൊണ്ട് തക്കസമയത്തു നമ്മെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പാൻ കർത്താവ് ഏവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പരാമർശം :

യാക്കോബ് 3:10

കർത്താവിന്റെ സന്നിധിയിൽ താഴുവിൻ; എന്നാൽ അവൻ നിങ്ങളെ ഉയർത്തും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 037**